"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ജില്ലാ ആസൂത്രണ സമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം, സംവരണ സ്ഥാനങ്ങളുടെ എണ്ണം എന്നിവ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അനുബന്ധം-II-ൽ കോട്ടയം ജില്ലയുമായി ബന്ധപ്പെട്ട കണക്കുകളിലെ പൊരുത്തക്കേട് തിരുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

സ.ഉ.(സാധാ) നം.**2066/2026/LSGD** തീയതി,തിരുവനന്തപുരം, **02-11-2026**

പരാമർശം:- 1. സ.ഉ.(സാധാ)നം.**1309/2026**/ത.സ്വ.ഭ.വ, തീയതി : **20.07.2026**

2. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ **30-07-2026** തീയതിയിലെ **B2/139/2025-SEC** നമ്പർ കത്ത്

ഉത്തരവ്

പരാമർശം **(1)** പ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും രൂപീകരിക്കേണ്ട ജില്ലാ ആസൂത്രണ സമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും എണ്ണവും സംവരണ സ്ഥാനങ്ങളുടെ എണ്ണവും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, പ്രസ്തുത ഉത്തരവിന്റെ അനുബന്ധം-II-ൽ കോട്ടയം ജില്ലയുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം **(2)** പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം **(1)** സർക്കാർ ഉത്തരവിന്റെ അനുബന്ധം-II-ൽ കോട്ടയം ജില്ലയുടെ ജില്ലാ പഞ്ചായത്ത് വിഭാഗത്തിലെ "ആകെ സംവരണ സ്ഥാനങ്ങൾ" **7** എന്നത് **6** ആയും, മുനിസിപ്പൽ വിഭാഗത്തിലെ "ആകെ സംവരണ സ്ഥാനങ്ങൾ" **0** എന്നത് **1** ആയും തിരുത്തി ഉത്തരവാകുന്നു.

മേൽ തിരുത്തലുകളോടെ പരാമർശം (1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (ഇ.എം.3/133/2026/ത.സ്വ.ഭ.വ)

Digitally signed by Sindhu.S
Date: 02-11-2026 14:04:14
ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : - ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്